ഭരണഭാഷ മാതൃഭാഷ

**<u>പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്</u>**

**<u>(ഹാജർ : അനില. ബി.ആർ)</u>**

വിഷയം : പൊതു വിദ്യാഭ്യാസം- 2024-2025 പ്രൈമറി അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം- അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം: 1.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/12/2024 തീയതിയിലെ DGE/20836/2024-A1 നമ്പർ പരിപത്രം.
2.പ്രൈമറി അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷ.
3.സ.ഉ.(പി) 42/2012/ഉ.ഭ.വ തീയതി.23/08/2012 .
4.01/02/2025 തീയതിയിലെ ഇതേ നമ്പർ താത്കാലിക ഉത്തരവ്.
5.ശ്രീമതി.സുരഭി .കെ.എസിന്റെ 04/02/2025 തീയതിയിലെ അപേക്ഷ.
6.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/03/2025 തീയതിയിലെ DGE/20836/2024-A1 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ നം. DDEPTA/4472/2024-A3 തീയതി. 28-03-2025</u>**

പരാമർശം (1) പരിത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ പ്രൈമറി അദ്ധ്യാപകരുടെ 2024-25 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹരായ അദ്ധ്യാപകരിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ഓൺലൈനായി അപേക്ഷ ക്ഷണിച്ചിരുന്നു. പരാമർശം (2) പ്രകാരം പ്രൈമറി വിഭാഗം അദ്ധ്യാപകർ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് നിലവിലെ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവുകൾക്ക് അനുസൃതമായി താത്ക്കാലിക മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ മുൻഗണനാ ലിസ്റ്റിൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതും ലിസ്റ്റ് അന്തിമപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. അന്തിമ മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം താത്കാലിക സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുകയും ടി ഉത്തരവിൽ ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം ശ്രീമതി. സുരഭി.റ്റി.കെ നൽകിയ അപേക്ഷ പരിഗണിച്ച് എൽ.പി.എസ്.റ്റി അദ്ധ്യാപകരുടെ മുൻഗണനാ ലിസ്റ്റിൽ റാങ്ക് നമ്പർ .3 ആയി ഉൾപ്പെടുത്തിയിരിക്കുന്ന ശ്രീമതി. അജിത കൃഷ്ണനെ ജനറൽ സീനിയോരിറ്റിയിൽ ഉൾപ്പെടുത്തിയും റാങ്ക് നമ്പർ 19 ആയി ഉൾപ്പെടുത്തിയിരിക്കുന്ന ശ്രീമതി. സുരഭി.റ്റി.കെ-യ്ക്ക് മുൻഗണനാ ലിസ്റ്റിൽ 1- ാം ഓപ്ഷൻ അനുവദിച്ചുകൊണ്ടും മറ്റ് ആക്ഷേപങ്ങൾ ഒന്നും ലഭിയ്ക്കാത്ത സാഹചര്യത്തിൽ താഴെ പറയുന്ന പ്രൈമറി അദ്ധ്യാപകരെ അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്കൂളുകളിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉടൻ പ്രാബല്യത്തിൽ ഉത്തരവാകുന്നു.

| ക്രമ.നം | അദ്ധ്യാപകന്റെ പേര്, സ്കൂളിന്റെ പേര് | തസ്തിക | റാങ്ക് നമ്പർ | സ്ഥലംമാറ്റം അനുവദിച്ച സ്കൂളിന്റെ പേര്. | അഭിപ്രായം |
|---|---|---|---|---|---|
| 1 | PRAVEEN JOSE G.V.H.S.S CHERUVANNUR | UPST | 1 | GUPS MOOZHIYAR | GENERAL SENIORITY |
| 2 | AJITHA KRISHNAN GLPS PERUNNAI | LPST | 3 | G.D.V.N.S.S.L.P.S ULLANNOOR | GENERAL SENIORITY |
| 3 | RAGESH G NATH G.H.S.S PUTHUPARAMBA | LPST | 6 | GOVT. T.H.S KATTACHIRA | GENERAL SENIORITY |
| 4 | SREEKANTH M.S G.M.L.P.S SOUTH PALLAR | LPST | 7 | GHS KOKKATHODE | GENERAL SENIORITY |
| 5 | SURABHI T K GUPS ADKATHUBAIL | LPST | 19 | G.L.P.S . MONPILAVU | PRIORITY -1 |

ക്രമ നം, 3 മുതൽ 5 വരെയുള്ള സ്ഥലംമാറ്റം പരാമർശം (2) അപേക്ഷകളുടെ അടിസ്ഥാനത്തിലാണ്. ടി അദ്ധ്യാപകർ പത്തനംതിട്ട ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷ കാലയളവിലേക്ക് ഉത്തരവിൽ പരാമർശിക്കുന്ന ഹിൽ റിമോട്ട് ഏരിയ സ്കൂളുകളിലേയ്ക്ക് മാത്രമേ സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. മറ്റ് സ്കൂളുകളിലേയ്ക്ക് ടി അദ്ധ്യാപകർ അപേക്ഷ സമർപ്പിക്കുവാനോ പ്രഥമാദ്ധ്യാപകൻ അപേക്ഷ ശുപാർശ ചെയ്യുവാനോ പാടുള്ളതല്ല. ആയതിന് വിരുദ്ധമായി ചെയ്യുന്ന അദ്ധ്യാപകർ, പ്രഥമാദ്ധ്യാപകർ എന്നിവർക്കെതിരെ ഉചിത നടപടി സ്വീകരിക്കുന്നതായിരിക്കും. സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ ഹിൽ റിമോട്ട് ഏരിയ സ്കൂളുകളിൽ സേവനം അനുഷ്ഠിച്ചുകൊള്ളാം എന്ന സത്യവാങ്മൂലം തയ്യാറാക്കി ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകൻ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ പരാമർശം (3) -ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജില്ലയിൽ പരിവീക്ഷകാലം പൂർത്തീകരിക്കേണ്ടതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരുടെ സീനിയോരിറ്റി പത്തനംതിട്ട ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. അന്തർജില്ലാ സ്ഥലംമാറ്റം ഉത്തരവായിട്ടുള്ള അദ്ധ്യാപകർ പത്തനംതിട്ട ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി തസ്തികയിലെ ഏറ്റവും ജൂനിയറായിരിക്കും. ഇതിനുള്ള സമ്മതപത്രം തയ്യാറാക്കി ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകർ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയാണ് സ്ഥലംമാറ്റം ലഭിച്ചത് എന്ന് തുടർ അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം നിലവിൽ ഉത്തരവായിട്ടുള്ള സ്ഥലംമാറ്റം പുന:പരിശോധിയ്ക്കുന്നതാണ്. സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരുടെ സ്ഥലംമാറ്റം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയില്ലാതെ റദ്ദ് ചെയ്യുന്നതല്ല. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (6) കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ

സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ സേവനത്തിൽ തുടരുന്ന സ്കൂളിൽ നിന്നും 30.04.2025 -നകം വിടുതൽ ചെയ്യേണ്ടതും,പുതിയ ലാവണത്തിൽ സേവനത്തിൽ പ്രവേശിക്കേണ്ടതുമാണ്. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ അദ്ധ്യാപകർ സേവനത്തിൽ പ്രവേശിച്ച തീയതി ഈ ആഫീസിൽ താമസംവിനാ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഉത്തരവിൽ എന്തെങ്കിലും അപാകതകൾ ഉണ്ട് എങ്കിൽ ആയത് ഈ കാര്യലത്തിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Anila.B.R
**പെൻ നമ്പർ.**
**വിദ്യാഭ്യാസ ഉപഡയറക്ടർ**
**പത്തനംതിട്ട,തിരുവല്ല**

**സ്വീകർത്താവ് :**

1. **ബന്ധപ്പെട്ട സ്കൂൾ പ്രഥമാദ്ധ്യാപകർക്കും**
2. **ബന്ധപ്പെട്ട അദ്ധ്യാപകർക്കും.**
3. **കരുകൽ ഫയൽ.**

Signed by
Anila B R
Date: 28-03-2025 15:44:55